"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പരിസ്ഥിതി വകുപ്പ് - കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് - 2023-2024 സാമ്പത്തിക വർഷം ശമ്പളേതര ചെലവുകൾക്കായി "2406-02-110-59-36" (നോൺ പ്ലാൻ) ശീർഷകത്തിൽ നിന്നും രണ്ടാം ഗഡുവായി 5,00,000/- രൂപ (അഞ്ച് ലക്ഷം രൂപ മാത്രം) അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പരിസ്ഥിതി (എ) വകുപ്പ്**

സ.ഉ.(സാധാ) നം.84/2023/ENVT തീയതി,തിരുവനന്തപുരം, 03-11-2023

---

പരാമർശം:- 1. 08.05.2023 ലെ സ.ഉ.(സാധാ) നം.30/2023/പരി

2. കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് മെമ്പർ സെക്രട്ടറിയുടെ 15.09.2023 ലെ എ2/82/2022 /കെ.എസ്.ബി.ബി നം. കത്ത്.

**ഉത്തരവ്**

2023-2024 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡിലെ 2023 സെപ്റ്റംബർ മുതൽ 2023 നവംബർ വരെ ശമ്പളേതര ചെലവുകൾക്കായി "2406-02-110-59-36" (നോൺ പ്ലാൻ) ശീർഷകത്തിൽ നിന്നും രണ്ടാം ഗഡുവായി 5,00,000/- രൂപ (അഞ്ച് ലക്ഷം രൂപ മാത്രം) അനുവദിച്ച് നൽകണമെന്ന് പരാമർശം 2 പ്രകാരം കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് മെമ്പർ സെക്രട്ടറി സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

2.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡിന് 2023-2024 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ശമ്പളേതര ചെലവുകൾക്കായി "2406-02-110-59-36" (നോൺ സാലറി) ശീർഷകത്തിൽ നിന്നും ചുവടെ ചേർക്കുന്ന ഫണ്ട് റിലീസ് വ്യവസ്ഥകൾക്ക് വിധേയമായി രണ്ടാം ഗഡുവായി 5,00,000/- രൂപ (അഞ്ച് ലക്ഷം രൂപ മാത്രം) റിലീസ് ചെയ്ത് ഉത്തരവാകുന്നു.

1. പ്രസ്തുത തുക ട്രഷറി STSB അക്കൗണ്ടിൽ (non interest bearing ) അല്ലാതെ ബാങ്കുകളിലോ മറ്റു ധനകാര്യ സ്ഥാപനങ്ങളിലോ നിക്ഷേപിയ്ക്കുവാൻ പാടില്ല.

2. 29/08/2009ലെ സർക്കുലർ നം.75/09/ധനത്തിലേയും 9/12/2008-ലെ സർക്കുലർ നം 84/08/ധനത്തിലെയും വ്യവസ്ഥകൾ കൃത്യമായി പാലിക്കേണ്ടതാണ്.

3. അനുവദിച്ച തുകയുടെ വിശദമായചെലവ് പത്രികയും 09.01.2020 ലെ സ.ഉ.(കൈ)നം 4/2020/ധന പ്രകാരമുള്ള ധനവിനിയോഗ സർട്ടിഫിക്കറ്റും തുടർന്നുള്ള റിലീസിന് മുൻപ് ധന വകുപ്പിന് സമർപ്പിക്കേണ്ടതാണ്.

4. വർഷാവസാനം വിനിയോഗിക്കുവാൻ സാധിക്കാതെ വരുന്ന തുക സർക്കാർ

അക്കൗണ്ടിലേയ്ക്ക തിരിച്ചടയ്ക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എൽ.റ്റി.സന്തോഷ് കുമാർ
അഡിഷണൽ സെക്രട്ടറി

പകർപ്പ് -

1. മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്, തിരുവനന്തപുരം.
2. ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം.
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ),കേരളം, തിരുവനന്തപുരം.
4. ധനകാര്യ വകുപ്പ് (28/10/2023ലെ PU-C2/34/2023-FIN (2414781 പ്രകാരം)
5. ഡയറക്ടർ, ഇൻഫർമേഷൻ& പബ്ലിക് റിലേഷൻസ് വകുപ്പ്(വെബ്& ന്യൂമീഡിയ-ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
6. സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി (ENVT-A1/46/2023-ENVT)

ഉത്തരവിൻ പ്രകാരം

Signed by
Lalan C R
സെക്ഷൻ ഓഫീസർ
Date: 04-11-2023 10:40:25